കാലിക്കറ്റ് സർവകലാശാല
പബ്ലിക് റിലേഷൻസ് വിഭാഗം

വാർത്താക്കുറിപ്പ്
2026 നവംബർ 13 **website: www.uoc.ac.in**

സി.ഡി.എം.ആർ.പി.
പത്താം വാർഷികാഘോഷത്തിന് തിങ്കളാഴ്ച തുടക്കം

കാലിക്കറ്റ് സർവകലാശാലാ മനഃശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സവിശേഷമായ ഭിന്നശേഷി പരിപാലന - പുനരധിവാസ പദ്ധതിയായ കമ്മ്യൂണിറ്റി - ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പത്താം വാർഷികം ആഘോഷിക്കുന്നു. ഇതിന്റെ ഭാഗമായി മാസങ്ങൾ നീളുന്ന ആഘോഷപരിപാടികൾക്ക് തിങ്കളാഴ്ച തുടക്കമാകും. സെനറ്റ് ഹാളിൽ നടക്കുന്ന പരിപാടി വള്ളിക്കുന്ന് എം.എൽ.എ. ടി.വി. ഇബ്രാഹിം ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. റഷീദ് അഹമ്മദ് മുഖ്യാതിഥിയാകും. വള്ളിക്കുന്ന്, ചേലേമ്പ്ര, പള്ളിക്കൽ, തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ആശംസയർപ്പിച്ച് സംസാരിക്കും. മനഃശാസ്ത്ര വിഭാഗം മേധാവി പ്രൊഫ. (ഡോ.) എസ്. കിരൺ അധ്യക്ഷത വഹിക്കും. സി.ഡി.എം.ആർ.പി. ഡയറക്ടർ പ്രൊഫ. (ഡോ.) പി.എ. ബേബി ഷാരി സ്വാഗതം ആശംസിക്കും.

വികസനപരമായ ഭിന്നശേഷികളുള്ള, 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സമഗ്രവും ശാസ്ത്രീയവുമായ പരിപാലന - പുനരധിവാസ സേവനങ്ങൾ ലഭ്യമാക്കുകയാണ് സി.ഡി.എം.ആർ.പിയുടെ ലക്ഷ്യം. ഭിന്നശേഷി നേരത്തേ തിരിച്ചറിയൽ, പ്രതിരോധം, ചികിത്സ, പുനരധിവാസം എന്നിവ ഉൾപ്പെടുന്ന സേവനങ്ങൾ സാമൂഹികാധിഷ്ഠിത സമീപനത്തിലൂടെയാണ് നടപ്പാക്കുന്നത്. 2015-ൽ പൈലറ്റ് പദ്ധതിയായി ആരംഭിച്ച പ്രോഗ്രാം, കേരള സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി 10 ക്ലിനിക്കുകളും സർവകലാശാലാ ക്യാമ്പസിൽ അഡ്വാൻസ്ഡ് സെന്ററും പ്രവർത്തിക്കുന്നുണ്ട്.

ഉദ്ഘാടനച്ചടങ്ങിനു ശേഷം ബൗദ്ധിക ഭിന്നശേഷിയുള്ള കുട്ടികൾക്കായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെയുള്ള സമഗ്ര ലൈംഗിക വിദ്യാഭ്യാസ സെഷൻ സംഘടിപ്പിക്കും.

പി.ആർ. 1585/2026

എം.ബി.എ.: അസിസ്റ്റന്റ് പ്രൊഫസർ
വാക് - ഇൻ - ഇന്റർവ്യൂ

കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷനിൽ എം.ബി.എ. പ്രോഗ്രാമിന് കരാറടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനായി പാനൽ തയ്യാറാക്കുന്നതിനുള്ള വാക് - ഇൻ - ഇന്റർവ്യൂ നവംബർ 24-ന് നടക്കും

. ഉദ്യോഗാർഥികൾ യോഗ്യത, പ്രവൃത്തി പരിചയം, ജാതി, വയസ് എന്നിവ തെളിയിക്കുന്ന അസൽ രേഖകളും വിജ്ഞാപനത്തിൽ പറഞ്ഞ മറ്റ് സാക്ഷ്യപത്രങ്ങളും സഹിതം രാവിലെ 09.30-ന് സർവകലാശാലാ ഭരണകാര്യാലയത്തിൽ ഹാജരാകണം. വിശദ വിജ്ഞാപനം വെബ്സൈറ്റിൽ.

പി.ആർ. 1586/2026

പരീക്ഷ റദ്ദാക്കി

നവംബർ 05-ന് നടത്തിയ വിദൂര വിഭാഗം (2023 പ്രവേശനം) / അഫിലിയേറ്റഡ് കോളേജുകളിലെ (2023 പ്രവേശനം മുതൽ) മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് "ECO3C09 - International Trade" (QP Code: D 150027) പേപ്പർ (പി.ജി. - സി.ബി.സി.എസ്.എസ്. - 2019 സ്കീം) നവംബർ 2026 പരീക്ഷ റദ്ദാക്കി. പുനഃപരീക്ഷ നവംബർ 18-ന് നടത്തും. പരീക്ഷാ സമയത്തിൽ മാറ്റമില്ല.

പി.ആർ. 1587/2026

പരീക്ഷ

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എം.എ. ജേണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, എം.എ. ഡെവലപ്മെന്റ് ഇക്കണോമിക്സ്, ബിസിനസ് ഇക്കണോമിക്സ്, ഇക്കണോമെട്രിക്സ്, എം.എ., എം.കോം., എം.എച്ച്.എം., എം.എസ് സി. മാത്തമാറ്റിക്സ് വിത് ഡാറ്റാ സയൻസ്, ഫോറൻസിക് സയൻസ്, ബയോളജി, എം.എസ് സി., എം.എസ്.ഡബ്ല്യൂ., എം.ടി.എച്ച്.എം., എം.ടി.ടി.എം. (പി.ജി. - സി.ബി.സി.എസ്.എസ്. - 2019 സ്കീം - 2023 പ്രവേശനം മുതൽ), എം.എസ്.ഡബ്ല്യൂ. ഡിസാസ്റ്റർ മാനേജ്മെന്റ് (2024 പ്രവേശനം മുതൽ), എം.സി.എ. (2026 സ്കീം - 2026 പ്രവേശനം) നവംബർ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളും എം.എസ് സി. ഹെൽത് ആന്റ് യോഗാ തെറാപ്പി (2023 പ്രവേശനം മുതൽ) ഡിസംബർ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകളും ഡിസംബർ 07-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

പി.ആർ. 1588/2026

പരീക്ഷാഫലം

പി.ജി. ഡിപ്ലോമ ഇൻ കൊമേഴ്സ് ആന്റ് മാനേജ്മെന്റ് ഇൻ അറബിക് (2024 പ്രവേശനം) മാർച്ച് 2025 റഗുലർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് (സി.സി.എസ്.എസ്. - 2023 പ്രവേശനം) ഏപ്രിൽ 2025 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ എം.എ. സാൻസ്ക്രിറ്റ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ജനറൽ (സി.സി.എസ്.എസ്. - 2025 പ്രവേശനം) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പി.ആർ. 1589/2026

പുനർമൂല്യനിർണയഫലം

നാലാം സെമസ്റ്റർ എം.കോം., എം.എസ്.ഡബ്ല്യൂ. ഏപ്രിൽ 2026 പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

രണ്ട്, നാല് സെമസ്റ്റർ ഇന്റഗ്രേറ്റഡ് പി.ജി. (സി.ബി.സി.എസ്.എസ്.) ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ എം.എസ് സി. കെമിസ്ട്രി, എം. എസ് സി. ഫാഷൻ ആന്റ് ടെക്സ്റ്റൈൽ ഡിസൈനിങ്, എം.എസ് സി. ഇലക്ട്രോണിക്സ്, എം.എസ്.ഡബ്ല്യൂ., വിദൂര വിഭാഗം രണ്ടാം സെമസ്റ്റർ എം.കോം. ഏപ്രിൽ 2026 പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

പി.ആർ. 1590/2026

സൂക്ഷ്മപരിശോധനാഫലം

രണ്ടാം സെമസ്റ്റർ എം.ബി.എ., എം.ബി.ഇ. (സി.യു.സി.എസ്.എസ്. - 2024, 2025 പ്രവേശനം - ഫുൾ ടൈം ആന്റ് പാർട്ട് ടൈം; 2021-2023 പ്രവേശനം ഫുൾ ടൈം) ജൂലൈ 2026 പരീക്ഷകളുടെ സൂക്ഷ്മപരിശോധനാഫലം പ്രസിദ്ധീകരിച്ചു.

പി.ആർ. 1591/2026